Class No. : ..................................

Name : ..........................................

**FY 147**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2024

## Part – III

## JOURNALISM

**Maximum : 60 Scores**

Time : 2 Hours

Cool-off Time : 15 Minutes

---

*General Instructions to Candidates :*

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read Instructions carefully.*
- *Malayalam version of the questions is also provided.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

Score

## SECTION – A

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** (8×1=8)

1. ഗുട്ടൻബർഗിന്റെ അച്ചടിയന്ത്രത്തിൽ നിന്നും ആദ്യമായി അച്ചടിച്ച പുസ്തകമാണ് ______

   A) ഹിരാക സൂത്ര B) 42-ലൈൻ ബൈബിൾ

   C) ആക്ട ഡർണ D) പെക്കിംഗ് ഗസറ്റ്

2. എച്ച് ടി ടി പി വിപുലീകരിക്കുക.

3. ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട ആദ്യ സിനിമയാണ് ______

   A) വിഗതകുമാരൻ B) രാജാഹരിശ്ചന്ദ്ര

   C) ബാലൻ D) ഷോലെ

4. ഒറ്റയാനെ തെരഞ്ഞെടുക്കുക.

   A) സമ്പദ് കൗമുദി B) മിറത്-ഉൽ- അക്ബർ

   C) ബ്രാഹ്മിണിക്കൽ മാഗസിൻ D) അമൃതബസാർ പത്രിക

5. ജവഹർലാൽ നെഹ്റു ആരംഭിച്ച പത്രത്തിന്റെ പേരെഴുതുക.

Score

6. ആദ്യ പ്രസ് കമ്മീഷന്റെ ചെയർമാൻ ആര് ?

A) ജസ്റ്റിസ് ജെ. എസ്. രാജാധ്യക്ഷ

B) ജസ്റ്റിസ് പി. സി. ഗോസ്വാമി

C) ജസ്റ്റിസ് കെ. കെ. മാത്യു

D) ഡോ. വി. കെ. വി. റാവു

7. വായനക്കാരുടെ വക്കീൽ എന്നറിയപ്പെടുന്നതാര് ?

8. 'കറസ്പോണ്ടന്റ്' നിർവ്വചിക്കുക.

9. ______________ ഒരു പത്രസ്ഥാപനത്തിന്റെ മസ്തിഷ്കമായി അറിയപ്പെടുന്നു.

## SECTION – B

**10 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(6×2=12)**

10. ഇന്ത്യൻ പത്രപ്രവർത്തന ചരിത്രത്തിൽ വില്യം ബോൾട്ട്സിന്റെ പങ്കെന്ത് ?

11. മലയാള മനോരമ ദിനപത്രത്തിന്റെ രണ്ട് സഹോദര പ്രസിദ്ധീകരണങ്ങളുടെ പേരെഴുതുക.

12. കേരളത്തിലുള്ള ഏതെങ്കിലും രണ്ട് പരമ്പരാഗത മാധ്യമങ്ങളുടെ പേരെഴുതുക.

13. മീറ്റ് ദ പ്രസ് എന്തെന്ന് വിവരിക്കുക.

Score

14. പിഐബി, പിസിഐ എന്നിവ വിപുലീകരിക്കുക.

15. സ്ലാന്റർ, ലൈബൽ എന്നിവ വേർതിരിച്ചെഴുതുക.

16. രചനാമോഷണം എന്നാലെന്ത് ?

17. സാന്ദ്രവാർത്തയും മൃദുവാർത്തയും തമ്മിലുള്ള വ്യത്യാസമെഴുതുക.

## SECTION – C

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4×3=12)
**3 സ്കോർ വീതം.**

18. അരിസ്റ്റോട്ടിലിന്റെ ആശയ വിനിമയ പരികല്പന ഡയഗ്രത്തിന്റെ സഹായത്തോടെ വിശദമാക്കുക.

19. മാധ്യമ സാക്ഷരത നിങ്ങളെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കിത്തീർക്കുന്നു. നിങ്ങളുടെ കാഴ്ചപ്പാടിൽ സമർത്ഥിക്കുക.

20. മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിനെ സംബന്ധിച്ചിടത്തോളം പത്രപ്രവർത്തനം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. വിശദമാക്കുക.

21. ആർ എൻ ഐയുടെ പ്രധാന ധർമ്മങ്ങളെന്തെല്ലാം ?

22. ഒരു ഫ്രീലാൻസർ മറ്റു പത്രപ്രവർത്തകരിൽ നിന്നും വ്യത്യസ്തനാണ്. വിശദീകരിക്കുക.

Score

## SECTION – D

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** (4×4=16)

23. സി. ബി. എഫ്. സി. നൽകുന്ന നാലുതരം സർട്ടിഫിക്കറ്റുകൾ ഏതെല്ലാം ? വിശദീകരിക്കുക.

24. ചേരുംപടി ചേർക്കുക.

A) ലൂമിയർ സഹോദരൻമാർ – ടെലിവിഷൻ

B) തോമസ് ആൽവാ എഡിസൺ – സിനിമറ്റോഗ്രാഫ്

C) ജോൺ. എൽ. ബെയ്ഡ് – ടെലിഫോൺ

D) അലക്സാണ്ടർ ഗ്രഹാംബെൽ – കൈനറ്റോ സ്കോപ്പ്

25. സമാനതകളില്ലാത്ത അതുല്യനായ നേതാവും പത്രപ്രവർത്തകനുമായിരുന്നു ഗാന്ധിജി. സമർത്ഥിക്കുക.

26. ഏതെങ്കിലും നാല് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ലഘുവായി വിവരിക്കുക.

27. എന്താണ് തലകീഴായ പിരമിഡ് ശൈലി ? ഒരു വാർത്തയുടെ മൂന്നു ഭാഗങ്ങൾ തിരിച്ചറിയുക.

Score

## SECTION – E

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2×6=12)**

**28.** അഭിമുഖങ്ങൾ പ്രധാന വാർത്ത ഉറവിടങ്ങളാണ്. വാർത്താശേഖരണത്തിന് സഹായകമായ വ്യത്യസ്തതരം അഭിമുഖങ്ങളെക്കുറിച്ച് വിവരിക്കുക.

**29.** മലയാള പത്രപ്രവർത്തനത്തിൽ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ സംഭാവനകൾ എന്തെല്ലാമായിരുന്നു ?

**30.** ഒരു പത്രപ്രവർത്തകന് അവന്റെ തൊഴിലുമായി ബന്ധപ്പെട്ട് നിരവധി ഗുണങ്ങൾ ഉണ്ടായിരിക്കണം. പ്രധാനപ്പെട്ട ഏതെങ്കിലും ആറ് ഗുണങ്ങളെക്കുറിച്ച് വിവരിക്കുക.